# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-3437** **14.10.2011-ൽ മറുപടിക്ക്**

## ഫുട്ബോൾ രംഗത്തെ അഭിവൃദ്ധിയ്ക്കായുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും<br>സിനിമയും വകുപ്പുമന്ത്രി) |
| (എ) ഫുട്ബോൾ രംഗത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഏതെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>(സി) ഇല്ലെങ്കിൽ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ? | (എ), (ബി) & (സി) ഫുട്ബോൾ നിലവാരം മെച്ചപ്പെടുത്തുക ലക്ഷ്യമാക്കി ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷന്റെയും കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും കേരളാ ഫുട്ബോൾ അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ 'വിഷൻ ഇന്ത്യ കേരള' എന്ന പദ്ധതി നടപ്പാക്കി വരുന്നു.<br>ആദ്യഘട്ടത്തിൽ ആരംഭിച്ച 7 ജില്ലകളിൽ ഓരോ ജില്ലയിൽ നിന്നും 8 വീതം സ്ക്കൂളുകളെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരികയും അവർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഒരു സ്ക്കൂളിൽ 40 കുട്ടികളെ വീതം 8 സ്ക്കൂളുകളിലായി 320 കുട്ടികൾ വച്ച് 7 ജില്ലകളിൽ 2240 കുട്ടികൾക്ക് പരിശീലനം ആരംഭിക്കുകയും ഇപ്പോൾ ടി സ്ക്കൂളുകളിൽ 25 കുട്ടികളെ വീതം 8 സ്ക്കൂളുകളിലായി 200 കുട്ടികൾ വച്ച് 7 ജില്ലകളിൽ 1400 കുട്ടികൾക്ക് പരിശീലനം നൽകി വരികയും ചെയ്യുന്നു.<br>രണ്ടാം ഘട്ടത്തിൽ ആരംഭിച്ച 7 ജില്ലകളിൽ ഓരോ ജില്ലയിൽ നിന്നും 5 വീതം സ്ക്കൂളുകളെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരികയും അവർക്ക് പരിശീലനം നൽകി വരികയും ചെയ്യുന്നു. ഒരു സ്ക്കൂളിൽ 25 കുട്ടികളെ വീതം 5 സ്ക്കൂളുകളിലായി 125 കുട്ടികൾ വച്ച് 7 ജില്ലകളിൽ 875 കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു. ജില്ലകൾക്ക് ഫുട്ബോളും യൂണിഫോമും വാങ്ങുന്നതിലേയ്ക്കായി 75000/- രൂപ വീതം നൽകിയിട്ടുണ്ട്. |

കൂടാതെ, സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ട്രെയിനർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ ട്രെയിനർമാർക്ക് ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷന്റെ ആഭിമുഖ്യത്തിൽ 'സി' ലെവൽ ലൈസൻസ് കോഴ്സിലൂടെ പരിശീലനം നൽകുകയും കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ Introductory Course, Referesher Course എന്നിവ നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ